**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1778** — **12-09-2023 - ൽ മറുപടിക്ക്**

**കൃഷി വകുപ്പിലെ ദിവസവേതനത്തിലും കരാറടിസ്ഥാനത്തിലുമുള്ള ജീവനക്കാർ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. യു. എ. ലത്തീഫ്** | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** |

**ചോദ്യം**

(എ) കൃഷിവകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ കൃഷി ഓഫീസുകൾ, ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ എന്നിവിടങ്ങളിൽ അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ), സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ (എസ് .എച്ച്. എം), വെജിറ്റബിൾ ഡെവലപ്മെന്റ് പ്രോഗ്രാം(വി. ഡി .പി), മൊബൈൽ അഗ്രോ ക്ലിനിക്, നാഷണൽ ഇ ഗവേണൻസ് പ്ലാൻ ഇൻ അഗ്രിക്കൾച്ചർ (എൻ.ഇ.ജി.പി.എ.) എന്നീ പദ്ധതികളിലായി ദിവസ വേതനാടിസ്ഥാനത്തിലും കരാറടിസ്ഥാനത്തിലും എത്ര ജീവനക്കാർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ?

**ഉത്തരം**

(എ) (1) ***സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻ (വി. ഡി. പി)*** കീഴിൽ കൃഷി ഡയറക്ടറേറ്റിൽ നാലു പേരും 14 ജില്ലാ കൃഷി ഓഫീസുകളിലും ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകളിലുമായി 79 പേരും (ആകെ 83 പേർ) കരാറടിസ്ഥാനത്തിൽ സംസ്ഥാനത്ത് നിലവിൽ ജോലി ചെയ്തുവരുന്നു.

(2) ***അഗ്രിക്കൾച്ചർ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ആത്മ) പദ്ധതിയിൽ*** വിവിധ ഓഫീസുകളിൽ നിലവിൽ ജോലിചെയ്തുവരുന്ന കരാർ ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ആത്മ പദ്ധതിയിലെ കരാർ ജീവനക്കാരുടെ എണ്ണം

| **ഓഫീസ്** | **സ്റ്റേറ്റ് കോ-ഓർഡിനേറ്റർ** | **കമ്പ്യൂട്ടർ പ്രോഗ്രാമർ** | **ബ്ലോക്ക് ടെക്നോളജി മാനേജർ** | **അസിസ്റ്റന്റ് ടെക്നോളജി മാനേജർ** | **ആകെ** |
|---|---|---|---|---|---|
| കൃഷി ഡയറക്ടറേറ്റ് | 1 | 0 | 0 | 0 | 1 |
| ജില്ലാ കൃഷി ഓഫീസ് | 0 | 14 | 0 | 0 | 14 |
| ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് | 0 | 0 | 136 | 149 | 285 |
| **ആകെ** | **1** | **14** | **136** | **149** | **300** |

(3) ***കൃഷി ഡയറക്ടറേറ്റിൽ അഗ്രോ സർവ്വീസ് സെന്റേഴ്സ് & സർവ്വീസ് ഡെലിവറി പദ്ധതിയിൻ*** കീഴിൽ കരാർ അടിസ്ഥാനത്തിൽ നിലവിൽ **6** പേർ ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ് ആയി ജോലി നോക്കുന്നു.

(4) കൃഷി വകുപ്പ് ഡയറക്ടറേറ്റ്, ജില്ലാ കൃഷി ഓഫീസുകൾ, ബ്ലോക്ക് അസിസ്റ്റന്റ് ഡയറക്ടർ ഓഫീസുകൾ എന്നിവിടങ്ങളിലായി ***നാഷണൽ ഇ-ഗവേണൻസ് പദ്ധതി*** പ്രകാരം നിയമിതരായ **162** കരാർ ജീവനക്കാർ ജോലി ചെയ്തുവരുന്നു.

(5) ***മൊബൈൽ അഗ്രോ ക്ലിനിക്ക് പദ്ധതിയിൽ*** ദിവസവേതന /കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

*കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡ്രൈവർമാരുടെ എണ്ണം -* ***53***

*ദിവസവേതനാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ഡ്രൈവർമാരുടെ എണ്ണം -* ***1***

(6) ***സംസ്ഥാന ഹോർട്ടികൾച്ചർ മിഷനിൽ*** നിലവിൽ 14 ജില്ലകളിലും ഹെഡ്ക്വാർട്ടേഴ്സിലുമായി **135** ജീവനക്കാർ വിവിധ തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ചുവടെ ചേർക്കുംപ്രകാരം ജോലി ചെയ്തുവരുന്നു.

| ക്രമ നം. | കരാർ ജീവനക്കാർ | എണ്ണം |
|---|---|---|
| 1 | ഫീൽഡ് കൺസൾട്ടന്റ് | **14** |
| 2 | ഫീൽഡ് അസിസ്റ്റന്റ് | **95** |
| 3 | ഡ്രൈവർ | **17** |
| 4 | അക്കൗണ്ട്സ് ഓഫീസർ | **1** |
| 5 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് കം ഫ്രണ്ട് ഓഫീസ് മാനേജർ | **1** |
| 6 | കമ്പ്യൂട്ടർ ഓപ്പറേറ്റർ | **1** |
| 7 | ക്ലർക്ക് | **1** |
| 8 | അറ്റൻഡേഴ്സ് | **5** |
| | ആകെ | **135** |

സെക്ഷൻ ഓഫീസർ